# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2129          01.02.2018-ൽ മറുപടിയ്ക്ക്

### സിദ്ധവൈദ്യം ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ

| ചോദ്യം<br>ശ്രീ.കെ.എസ്.ശബരീനാഥൻ | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിന്റെ പാരമ്പര്യ ചികിത്സാരംഗത്ത് ശ്രദ്ധേയമായ സിദ്ധവൈദ്യം ജനങ്ങൾക്ക് കൂടുതൽ ഗുണപ്രദമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; രോഗപ്രതിരോധ മേഖലകളിൽ സിദ്ധവൈദ്യം കൂടുതൽ ഫലപ്രദമാകുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിച്ച് കൂടുതൽ ആരോഗ്യ സ്ഥാപനങ്ങൾ തുടങ്ങുന്നതിനുള്ള പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ),<br>(ബി)<br>&<br>(സി) | ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ നിലവിൽ ഒരു സിദ്ധ ആശുപത്രിയും എട്ട് സിദ്ധ ഡിസ്പെൻസറികളും ആറ് ജില്ലകളിലായി പ്രവർത്തിച്ച വരുന്നു. സിദ്ധവൈദ്യം ജനങ്ങൾക്ക് കൂടുതൽ ഗുണപ്രദമാക്കുന്നതിനായുള്ള പദ്ധതിയുടെ ഭാഗമായി സിദ്ധ സ്ഥാപനങ്ങൾ നിലവിലില്ലാത്ത എട്ട് ജില്ലകളിലും (പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 സാമ്പത്തിക വർഷം മുതൽ ഓരോ ആയുർവേദ ആശുപത്രികളിൽ പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി താത്ക്കാലിക സിദ്ധ യൂണിറ്റുകൾ പ്രവർത്തിച്ച വരുന്നു. 2017-18 സാമ്പത്തിക വർഷത്തിലും ടി പദ്ധതി നടപ്പിലാക്കി വരുന്നു. രോഗപ്രതിരോധവുമായി ബന്ധപ്പെട്ട് പകർച്ചവ്യാധി മുതൽ മാരക രോഗങ്ങൾ വരെ തടയുന്നതിനായി നാഷണൽ ആയുഷ് മിഷനു കീഴിൽ 28 എൻ.എച്ച്.എം സിദ്ധ ഡിസ്പെൻസറികൾ പ്രവർത്തിച്ച വരുന്നു.<br>തിരുവനന്തപുരം ജില്ലയിലെ ഗവ. സിദ്ധ ഡിസ്പെൻസറി, നെയ്യാറ്റിൻകര (അറ്റാച്ച്ഡ് ടു ഗവ. ആയുർവേദ ആശുപത്രി), ഇടുക്കി ജില്ലയിലെ ജില്ലാ ആയുർവേദ ആശുപത്രി, തൊടുപുഴ (സിദ്ധ അറ്റാച്ച്ഡ് യൂണിറ്റ്) എന്നീ സ്ഥാപനങ്ങൾ 1986 ന് ശേഷം ആരംഭിച്ചവയാണ്.<br>എറണാകുളം ജില്ലയിലെ നെല്ലിക്കുഴി ഗ്രാമ പഞ്ചായത്തിലും കൊല്ലം ജില്ലയിലെ നിലമേൽ |
| (ബി) | 1986-ന് ശേഷം കേരളത്തിൽ പുതിയ സിദ്ധവൈദ്യ സ്ഥാപനങ്ങൾ തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ എല്ലാ താലൂക്കിലും കിടത്തി ചികിത്സയുള്ള ആയുർവേദ ആശുപത്രികളിൽ പ്രത്യേകം സിദ്ധവിഭാഗം തുടങ്ങുമോ; | | |
| (സി) | സിദ്ധവൈദ്യം കൂടുതൽ പ്രചരിപ്പിക്കുന്നതിനായി സർക്കാർ തലത്തിൽ പുതിയ സിദ്ധ ഡിസ്പെൻസറികൾ തുടങ്ങുന്നതിന് ആലോചിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനായി പുതിയ തസ്തികകൾ | | |

| | | | |
|---|---|---|---|
| | സൃഷ്ടിച്ച് സിദ്ധവൈദ്യത്തിന് അർഹമായ പ്രാമുഖ്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | | ഗ്രാമ പഞ്ചായത്തിലും പുതുതായി സർക്കാർ സിദ്ധ വൈദ്യ ഡിസ്പെൻസറി ആരംഭിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് കിടത്തി ചികിത്സയുള്ള സിദ്ധ ആശുപത്രികളും, ഡിസ്പെൻസറികളും ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ